# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

### തിരുവനന്തപുരം

**website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145**


# പത്രക്കുറിപ്പ്

**തീയതി: 27.02.2018**

**. അഞ്ചൽ വനം റെയിഞ്ച് ഓഫീസിന ഐ.എസ്.ഒ. അംഗീകാരം**

ദക്ഷിണമേഖലയിൽ പുനലൂർ ഡിവിഷന കീഴിലുള്ള അഞ്ചൽ വനം റെയിഞ്ച് ഓഫീസിന ഭരണമികവിനുള്ള ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ഓർഗനൈസേഷന്റെ **(ISO)** പുരസ്കാരം ലഭിച്ചു. സംസ്ഥാന വനം വകുപ്പിന കീഴിൽ ആദ്യമായാണ് ഒരു വനം ഓഫീസിന ഇത്തരത്തിൽ അന്താരാഷ്ട്ര അംഗീകാരം ലഭിക്കുന്നത്. 2021 ജനുവരി 17 വരെയാണ് ഇപ്പോൾ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ളത്.

വനം-വന്യജീവി സംരക്ഷണം, ആദിവാസി ക്ഷേമം, മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം, ദ്രുതകർമ്മസേനയുടെ മികച്ച പ്രകടനം, എസ്.എം.എസ്. അലർട്ട് യഥാസമയം നൽകുന്നതിലെ ജാഗ്രത എന്നിവയാണ് അംഗീകാരത്തിനായി പരിഗണിച്ചത്.

കൃഷിനാശം, വന്യജീവി ആക്രമണം തുടങ്ങിയ വിഷയങ്ങളിൽ യഥാസമയം നഷ്ടപരിഹാരം നൽകുക, എസ്.എം.എസ്. അലർട്ട് യഥാസമയം ജനങ്ങൾക്ക് കൈമാറുക, തർക്കങ്ങൾ പരിഹരിക്കുക എന്നിവയിലെ മികച്ച പ്രകടനം അഞ്ചൽ വനം റെയ്ഞ്ചിന ഏറെ പ്രശംസ നേടികൊടുത്തിട്ടുണ്ട്. റെയിഞ്ച് ഓഫീസിലും ഇതിനു കീഴിലുള്ള വിവിധ സെക്ഷനുകളിലുമുള്ള ഉദ്യോഗസ്ഥരുടെ കൂട്ടായ പ്രവർത്തനവും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ബി.ആർ. ജയൻ, പുനലൂർ ഡി.എഫ്.ഒ. ഐ.സിദ്ധിക്, ദക്ഷിണമേഖല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കെ. വിജയാനന്ദൻ, എന്നിവരുടെ മികച്ച ഏകോപനവുമാണ് അഞ്ചൽ റെയിഞ്ചിന ഐ.എസ്.ഒ.അംഗീകാരം നേടുവാൻ സഹായകരമായത്.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ